LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച തീരുമാനം

78 [5634] ശ്രീ. കെ. സി. വേണുഗോപാൽ:
„ എം. മുരളി:
„ ഇ. എം. അഗസ്തി:
„ കെ. അച്ചുതൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളും ഗ്യാരേജുകളും മറ്റ് ഓഫീസുകളുമാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇത്തരം ഓഫീസുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനകം എത്ര ഓഫീസുകളും ഗ്യാരേജുകളും അടച്ചുപൂട്ടലിന് വിധേയമായിട്ടുണ്ട്?

ഉത്തരം

(എ) കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്ന നടപടികളുടെ ഭാഗമായി തലശ്ശേരി പഞ്ചായത്ത് ബസ് സ്റ്റാൻഡ്, മാനന്തവാടി പഞ്ചായത്ത് ബസ് സ്റ്റാൻഡ്, കൽപ്പറ്റ പഞ്ചായത്ത് ബസ് സ്റ്റാൻഡ്, പട്ടാമ്പി, പുത്തൻകുരിശ്, അമ്പലപ്പുഴ, മുണ്ടക്കയം, പോത്തൻകോട്, വടക്കാഞ്ചേരി പഞ്ചായത്ത് ബസ്സ്റ്റാൻഡ്, പാറശ്ശാല ടൗൺ, കട്ടപ്പന, കുത്തിയതോട്, കുറവിലങ്ങാട്, വെമ്പായം എന്നിവിടങ്ങളിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് എന്നിവ നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്. ഇത് കൂടാതെ വടകര, വടക്കാഞ്ചേരി, എരുമേലി, മല്ലപ്പള്ളി, ആമ്പല്ലൂർ എന്നീ ഓപ്പറേറ്റിംഗ് സെന്ററുകളും നിർത്തലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഗ്യാരേജുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. വടകര, വടക്കാഞ്ചേരി, എരുമേലി, മല്ലപ്പള്ളി എന്നീ ഓപ്പറേറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം പിന്നീട് പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ദേശസാൽകൃത മേഖലയിലല്ലാത്തതും ലാഭകരമല്ലാത്തതുമായ ഓപ്പറേറ്റിംഗ് സെന്ററുകൾ നിർത്തൽ ചെയ്യാനുള്ള സർക്കാർ നിർദ്ദേശപ്രകാരമാണ് ഇവ നിർത്തൽ ചെയ്തത്.

(സി) ഓഫീസുകളുടെയും ഗ്യാരേജുകളുടെയും പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ ടിക്കറ്റു സമ്പ്രദായം പരിഷ്കരിക്കാൻ നടപടി

79 [5635] ശ്രീ. സി. മമ്മൂട്ടി:
„ യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കളത്തിൽ അബ്ദുള്ള:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: